| പ്രായം | ശരീരഭാരം (കിലോ) | പാൽ (ഗ്രാം) | പരുഷാഹാരം (ഗ്രാം) | പുല്ല് |
|---|---|---|---|---|
| **0-4 ദിവസം** | 1.5 - 2 | കന്നിപ്പാൽ | | |
| **5-30 ദിവസം** | 2 - 3 | 300-500 | കുറച്ച് | കുറച്ച് |
| **30-60 ദിവസം** | 3 - 5 | 400-500 | 50-100 | കുറച്ച് |
| **60-90 ദിവസം** | 5 – 7.5 | 350 | 100-150 | 250-500 ഗ്രാം |
| **90-120 ദിവസം** | 7.5 - 10 | 200-250 | 500-700 | 500-750 ഗ്രാം |
| **6-12 മാസം** | 15 -20 | | 300-500 | 1-2 കിലോ |
| **മുതിർന്ന പെണ്ണാട്** | 25 - 30 | | 200-300 | 2-3 കിലോ |
| **മുട്ടനാട്** | 30 - 40 | | 400-500 | 3-5 കിലോ |






**തയ്യാറാക്കിയത്**

***ഡോ. ബിമൽ. പി. ബഷീർ, ഡോ. തിരുപ്പതി വെങ്കിടാചലപതി,***
***ഡോ.*** ജമുന വത്സലൻ, ***ഡോ.*** ഉപാസന രത്താകരൻ
***ഡോ.*** സുനിത തോമസ്



പ്രസിദ്ധീകരണം

അസോസിയേറ്റ് പ്രൊഫസർ & ഹെഡ്

**യൂണിവേഴ്സിറ്റി ഗോട്ട് & ഷീപ്പ് ഫാം മണ്ണുത്തി 680 651**

Email: goatandsheepf@kvasu.ac.in


# കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി

# ആഹാര ക്രമീകരണം



## എ. ഐ. സി. ആർ. പി. ഓൺ ഗോട്ട് ഇംപ്രൂവ്മെന്റ് (മലബാറി)


***സെന്റർ ഫോർ ആൻഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ ആനിമൽ ജനട്ടിക്സ് ആൻഡ് ബ്രീഡിങ്ങ്,***
**കോളേജ് ഓഫ്** വെററററിനറി **ആൻഡ് അനിമൽ സയൻസസ് മണ്ണുത്തി, ത്രിശ്ശൂർ,**
**കേരളം 680 651**

# ആഹാര ക്രമീകരണം

ആടു വളർത്തൽ ലാഭകരമാക്കുന്നതിന് സ്വന്തം ഭൂമിയിലെ പച്ചിലയുടെയും തീറ്റപ്പുല്ലിൻെറയും ലഭ്യത അനിവാര്യമായ ഒരു ഘടകമാണ്. ഒരാടിന് ഒരു ദിവസം രണ്ട് മുതൽ മൂന്ന് കിലോ വരെ പുല്ലും പച്ചിലകളും ആവശ്യമായി വരും. ഈയൊരുനിരക്കിലുള്ള ലഭ്യത വർഷം മുഴുവനും നിലനിർത്തേണ്ടതുണ്ട് എന്നതിനാൽ നമ്മുടെ മേച്ചിൽപുറങ്ങളിലെ പുല്ലും പ്ലാവിലയും മറ്റും ഉപയോഗപ്പെടുത്തുന്നതിനോടൊപ്പം തന്നെ ശാസ്ത്രീയമായ തീറ്റപ്പുൽ കൃഷിയിലേക്കും കൂടി സംരംഭകർ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ഏതാണ്ട് ഒരു ഏക്കർ ഭൂമിയിൽ നിന്നുമുള്ള തീറ്റപ്പുൽ കൃഷി അടിസ്ഥാനമാക്കി നമുക്ക് അൻപത് ആടുകളെ വരെ വളർത്താൻ സാധിക്കും. ഗിനിപുല്ല്, സങ്കരനേപിയർ, ലൂസേൺ, സുബാബുൾ (പീലിവാക), സ്റ്റൈലൊസാന്തസ്, അസോള, ശീമക്കൊന്ന എന്നിവ സ്ഥലത്തിൻെറ പ്രത്യേകതകൾക്കനുസൃതമായി നമുക്ക് വെച്ച് പിടിപ്പിക്കാം.



## പരുഷാഹാരം നിർമിക്കുന്ന വിധം

| ചേരുവ | കുട്ടികൾക്ക് | വലുതിന് |
|---|---|---|
| **ചോളം** | 37 | 15 |
| **പയറുവർഗ്ഗങ്ങൾ** | 15 | 37 |
| **പിണ്ണാക്ക്** | 25 | 10 |
| **ഗോതമ്പ്തവിട്** | 20 | 35 |
| **ധാതുമിശ്രിതം** | 2.5 | 2 |
| **ഉപ്പ്** | 0.5 | 1 |
| **ആകെ** | 100 (കിലോ) | 100 (കിലോ) |





**തീറ്റക്രമം**

- ഗർഭിണിയായ ആടിന് ദിവസവും 200 ഗ്രാം പരുഷാഹാരം അധികം നൽകണം.
- 1 കി. ഗ്രാം പാല് തരുന്ന ആടിന് ദിവസേന 300 ഗ്രാം പരുഷാഹാരം അധികം നൽകണം.
- അടുകൾക്ക് അതിൻെറ ശരിരഭാരത്തിൻെറ 4 ശതമാനം ഖരയാഹാരം ഒരു ദിവസം കഴിക്കുവാൻ കഴിയും.